# സങ്കൽപ്പ ശക്തിയുടെ മഹത്വം മനസിലാക്കി അതിനെ വർദ്ധിപ്പിക്കൂ പ്രയോഗത്തിൽ കൊണ്ട് വരൂ.

ഇന്ന് ഉയർന്നതിലും ഉയർന്ന ബാബ തന്റെ നാനാഭാഗത്തുമുള്ള ശ്രേഷ്ഠരായ മക്കളേ കണ്ട് ഹർഷിതമായിരിക്കുന്നു കാരണം മുഴുവൻ വിശ്വത്തിലെ ആത്മാക്കളിൽ നിങ്ങൾ കുട്ടികൾ ശ്രേഷ്ഠം അർത്ഥം ഏറ്റവും ഉയർന്നവരാണ്. ലോകത്തുള്ളവർ പറയും ലോകത്തിലെ ഏറ്റവും ഉയർന്നവർ എന്ന് അതും ഒരു ജന്മത്തേക്കാണ് എന്നാൽ നിങ്ങൾ കുട്ടികൾ കൽപ്പത്തിലെ ഏറ്റവും ശ്രേഷ്ഠരാണ്. മുഴുവൻ കൽപ്പത്തിലും നിങ്ങൾ ശ്രേഷ്ഠരായിരിക്കുന്നു. അറിയില്ലേ. നിങ്ങളുടെ അനാദി കാലം നോക്കൂ അനാദി കാലത്തും നിങ്ങൾ എല്ലാ കുട്ടികളും ബാബയുടെ സമീപം ഇരിക്കുന്നവരാണ്. കണ്ട് കൊണ്ടിരിക്കുന്നു, അനാദി രൂപത്തിൽ ബാബയോടൊപ്പം സമീപത്തിരിക്കുന്ന ശ്രേഷ്ഠ ആത്മാക്കളാണ്. എല്ലാവരുമുണ്ട് എന്നാൽ നിങ്ങളുടെ സ്ഥാനം വളരെ സമീപമാണ്. അതിനാൽ അനാദി രൂപത്തിലും ഉയർന്നതിലും ഉയർന്നവരാണ്. പിന്നീട് ആദികാലത്തിൽ എല്ലാ കുട്ടികളും ദേവ-പദവിയുള്ള ദേവതാ രൂപത്തിലാണ്. നിങ്ങളുടെ ദൈവീക സ്വരൂപം ഓർമ്മയുണ്ടോ. ആദികാലത്ത് സർവ്വ പ്രാപ്തി സ്വരൂപമാണ്. ശരീരം-മനസ്-ധനം, ജനങ്ങൾ നാലും സ്വരൂപത്തിൽ ശ്രേഷ്ഠമാണ്. സദാ സമ്പന്നമാണ്, സർവ്വ പ്രാപ്തി സ്വരൂപമാണ്. ഇങ്ങനെയുള്ള ദേവ-പദവി മറ്റൊരു ആത്മാക്കൾക്കും പ്രാപ്തമാകുന്നില്ല. ധർമ്മാത്മാക്കളായാലും, മഹാത്മാക്കളായാലും എന്നാൽ ഇങ്ങിനെ സർവ്വ പ്രാപ്തികളിലും ശ്രേഷ്ഠം, അപ്രാപ്തിയുടെ പേരും അടയാളവും പോലും ഇല്ല, ആർക്കും അനുഭവം ചെയ്യുക സാധ്യമല്ല. ഇനി വരൂ മദ്ധ്യകാലത്തിൽ, മദ്ധ്യകാലത്തിലും നിങ്ങൾ ആത്മാക്കൾ പൂജ്യരായി തീരുന്നു. നിങ്ങളുടെ ജഢ ചിത്രം പൂജിക്കപ്പെടുന്നു. ഏതൊരു ആത്മാവിനും ഇത് പോലെ വിധി പൂർവമായ പൂജ ഉണ്ടാകുന്നില്ല. പൂജ്യ ആത്മാക്കൾക്ക് വിധി പൂർവമുള്ള പൂജ നടക്കുമ്പോൾ ചിന്തിക്കൂ ഇത് പോലെ വിധി പൂർവ്വം മറ്റാർക്കാണ് ലഭിക്കുക. ഓരോ കർമ്മത്തിന്റേയും പൂജ ഉണ്ടാകുന്നു കാരണം കർമ്മയോഗി ആകുന്നു. അതിനാൽ പൂജയും ഓരോ കർമ്മത്തിലും ഉണ്ടാകുന്നു . ധർമ്മാത്മാക്കളെ അല്ലെങ്കിൽ മഹാത്മാക്കളെ മന്ദിരങ്ങളിലും കൂടെ വെയ്ക്കുന്നുണ്ടെങ്കിലും വിധി പൂർവമുള്ള പൂജ ലഭിക്കുന്നില്ല. മദ്ധ്യകാലത്തിലും ഏറ്റവും ഉയർന്നവർ അർത്ഥം ശ്രേഷ്ഠരാണ്. പിന്നീട് വർത്തമാന അന്തിമകാലത്തേക്ക് വരൂ, അന്തിമ കാലത്തും ഇപ്പോൾ സംഗമയുഗത്തിൽ ശ്രേഷ്ഠ ആത്മാക്കളാണ്. എന്ത് ശ്രേഷ്ഠതയാണ്. സ്വയം ബാപ്ദാദ, പരമാത്മാവായ ആത്മാവും ആദി ആത്മാവും അർത്ഥം ബാപ്ദാദ രണ്ട് പേരിലൂടെയും പാലന അടുക്കുന്നു, പഠിത്തവും പഠിക്കുന്നു, കൂടെ തന്നെ സദ് ഗുരുവിലൂടെ ശ്രീമതം എടുക്കുന്നതിനുള്ള അധികാരിയാകുന്നു. അതിനാൽ അനാദികാലം, ആദികാലം, മദ്ധ്യമ കാലം, ഇപ്പോൾ അന്തിമ കാലത്തിലും ഏറ്റവും ഉയർന്നവരാണ്, ശ്രേഷ്ഠരുമാണ്. ഇത്രയും ലഹരിയുണ്ടോ.

ബാപ്ദാദ പറയുന്നു ഈ സ്മൃതി പ്രത്യക്ഷത്തിൽ കൊണ്ട് വരൂ. മനസിലും, ബുദ്ധിയിലും ഈ പ്രാപ്തിയെ ആവർത്തിക്കൂ. എത്രത്തോളം സ്മൃതിയെ പ്രത്യക്ഷമാക്കുന്നുവോ അത്രയും സ്മൃതിയിൽ ആത്മീയ ലഹരിയുണ്ടാകും. സന്തോഷമുണ്ടാകും, ശക്തിശാലിയായി മാറും. ഇത്രയും ഉയർന്നതിലും ഉയർന്ന ആത്മാവായി മാറിയിരിക്കുന്നു. ഈ നിശ്ചയം ഉറച്ചതാണോ. അതായത് ഞങ്ങൾ തന്നേയാണ് ഉയർന്നവരിലും ഉയർന്നവർ, ശ്രേഷ്ഠരായി മാറിയിരുന്നു, മാറിയിട്ടുണ്ട്, സദാ മാറി കൊണ്ടിരിക്കും. ലഹരിയുണ്ടോ. ഉറച്ച നിശ്ചയമുണ്ടെങ്കിൽ കൈ ഉയർത്തൂ. ടീച്ചർമാരും ഉയർത്തി.

മാതാക്കൾ സദാ സന്തോഷത്തിന്റെ ഊഞ്ഞാലിൽ ആടി കൊണ്ടിരിക്കുന്നു, ആടുന്നില്ലേ! മാതാക്കൾക്ക് വളരെ ലഹരിയുണ്ട്, എന്ത് ലഹരിയാണുള്ളത്. ഞങ്ങൾക്ക് വേണ്ടി ബാബ വന്നിരിക്കുന്നു. ലഹരിയില്ലേ! ദ്വാപരം മുതൽ നിന്ന് എല്ലാവരും താഴെ വീണിരിക്കുന്നു, അതിനാൽ ബാബയ്ക്ക് മാതാക്കളോട് വളരെ സ്നേഹമുണ്ട് , പ്രത്യേകിച്ചും മാതാക്കൾക്ക് വേണ്ടിയാണ് ബാബ വന്നിരിക്കുന്നത്. സന്തോഷത്തോടെ ഇരിക്കുന്നുണ്ട് എന്നാൽ സദാ സന്തോഷത്തോടെ ഇരിക്കണം. ഇപ്പോൾ കൈ ഉയർത്തുന്നു, ട്രെയിനിൽ പോകുമ്പോൾ കുറച്ച്-കുറച്ച് ലഹരി ഇറങ്ങാൻ തുടങ്ങും ഇങ്ങിനെ ആകരുത്, സദാ ഏകരസം, അവിനാശീ ലഹരി ഉണ്ടാകണം. ഇടയ്ക്കിടെ ലഹരിയല്ല, സദാ കാലത്തെ ലഹരി സദാ സന്തോഷം നൽകുന്നു. നിങ്ങൾ മാതാക്കളുടെ മുഖം സദാ ഇങ്ങനെ ആയിരിക്കണം ദൂരേ നിന്നേ ഒരു ആത്മീയ റോസാ പുഷ്പം കാണുന്നത് പോലെ കാരണം ഈ വിശ്വ വിദ്യാലയത്തിൽ ഏതൊരു കാര്യമാണ് എല്ലാവർക്കും നന്നായി തോന്നുന്നത്, വിശേഷതയായി കാണപ്പെടുന്നത് അത് ഇതാണ് മാതാക്കൾ ആത്മീയ റോസാ പുഷ്പ സമാനം സദാ വിടർന്ന പുഷ്പമാണ് മാതാക്കൾ തന്നേയാണ് ഉത്തരവാദിത്തം ഏറ്റെടുത്തിരിക്കുന്നത്, മാതാ

ക്കൾ ഇത്രയും വലിയ കാര്യം ചെയ്തു കൊണ്ടിരിക്കുന്നു. മഹാമണ്ഡലേശ്വരൻ തന്നെ ഉണ്ടെങ്കിലും മാതാക്കളാണ് നിമിത്തമായിരിക്കുന്നത് എന്ന് മനസിലാക്കുന്നു, ഈ ശ്രേഷ്ഠ കാര്യം സഹജമായി നടന്നു കൊണ്ടിരിക്കുന്നു. മാതാക്കളേ കുറിച്ച് പഴഞ്ചൊല്ലുണ്ട്-സത്യമല്ല, എന്നാൽ ചൊല്ലാണ് രണ്ട് മാതാക്കൾ ഏതെങ്കിലും ഒരു കാര്യം ചെയ്യുകയാണെങ്കിൽ, വളരെ പ്രയാസമാണ്. എന്നാൽ ഇവിടെ ആരാണ് നിമിത്തമായിരിക്കുന്നത്. മാതാക്കൾ തന്നേയല്ലേ! എപ്പോഴും സന്ദർശിക്കാൻ വരുമ്പോൾ എന്താണ് ചോദിക്കുന്നത്. മാതാക്കൾ നടത്തുന്നു, പരസ്പരം വഴക്കിടുന്നില്ലല്ലോ. തർക്കിക്കുന്നില്ലല്ലോ. അവർക്കെന്തറിയാം ഇവർ സാധാരണ മാതാക്കളല്ല, ഇവർ പരമാത്മാവിലൂടെയുള്ള ആത്മാക്കളായ മാതാക്കളാണ്. പരമാത്മാവിന്റെ വരദാനമാണ് ഇവരേ നടത്തിക്കുന്നത്. സഹോദരന്മാർ (പാണ്ഡവർ) ഇങ്ങിനെ മനസിലാക്കരുത് മാതാക്കൾക്കാണ് ബഹുമാനം, ഞങ്ങൾക്കില്ലേ എന്ന്. നിങ്ങൾക്കും മഹിമയുണ്ട് 5 പാണ്ഡവർ എന്ന് പാടിയിട്ടുണ്ട്. ശക്തികളോടൊപ്പം 7 ശീതളാ ദേവികളേയും കാണിക്കുന്നു കൂടെ ഒരു പാണ്ഡവനേയും കാണിക്കുന്നുണ്ട്. പാണ്ഡവരില്ലാതെ മാതാക്കൾക്കും നടത്താൻ സാധിക്കില്ല, മാതാക്കളില്ലാതെ പാണ്ഡവർക്കും നടത്തുക സാധ്യമല്ല. രണ്ടു കൈകളും ആവശ്യമാണ് എന്നാൽ മാതാക്കളെ ധാരാളം വീഴ്ത്തിയിട്ടില്ലേ, അതിനാൽ ബാബ മാതാക്കളെ ഏതാണോ ലോകർ അസംഭവ്യം എന്ന് പറയുന്നത് , അത് സംഭവ്യമാക്കി കാണിച്ചു കൊടുക്കുന്നു. മാതാക്കളേ കണ്ട് നിങ്ങൾ സന്തോഷ്ടരല്ലേ. അതോ സന്തോഷം ഇല്ലേ. സന്തോഷം തന്നെ അല്ലേ. ബാബ മാതാക്കളെ നിമിത്തമാക്കിയില്ലെങ്കിൽ പുതിയ ജ്ഞാനം, പുതിയ രീതികൾ എന്നിവ കാരണം പാണ്ഡവരേ കണ്ട് ആളുകൾ വളരെ ലഹളയുണ്ടാകും. മാതാക്കൾ കവചമാണ് കാരണം പുതിയ ജ്ഞാനമല്ലേ! പുതിയ കാര്യമാണ്. എന്നാൽ സഹാദരിമാരോടൊപ്പം സഹോദരന്മാർ സദാ കൂടെ തന്നെയുണ്ട്. പാണ്ഡവർ അവരുടെ കാര്യത്തിൽ മുന്നിലാണ് സഹോദരിമാർ അവരുടെ കാര്യത്തിൽ മുന്നിലാണ്. രണ്ട് കൂട്ടരുടേയും രീതിയിലൂടെ ഓരോ കാര്യവും നിർവിഘ്നമായി നടന്നു കൊണ്ടിരിക്കുന്നു.

ബാപ്ദാദ ഓരോ ദിവസവും കുട്ടികളുടെ ഭിന്ന-ഭിന്ന കാര്യങ്ങൾ കണ്ട് കൊണ്ടിരിക്കുന്നു. പുതിയ-പുതിയ പ്ലാനുകൾ ഉണ്ടാക്കി കൊണ്ടിരിക്കുന്നു. സമയം എല്ലാവർക്കും ഓർമ്മയുണ്ട്. ഓർമ്മയില്ലേ. 99 ന്റെ ചക്രവും പൂർത്തിയായില്ലേ! എന്താ ചിന്തിച്ചിരുന്നത്, 99 വന്നു, 99 വന്നു. എന്നാൽ നിങ്ങൾക്കെല്ലാവർക്കും സേവനം ചെയ്യുന്നതിനുള്ള വർഷം, നിർവിഘ്നമാകുന്നതിനുള്ള വർഷം ലഭിച്ചു. നോക്കൂ, 99 ൽ തന്നെയല്ലേ മൗനഭട്ഠികൾ നടത്തി കൊണ്ടിരുന്നത്! ലോകർ ഭയക്കുന്നു, എന്നാൽ നിങ്ങളോ, എത്രത്തോളം അവർ ഭയക്കുന്നുവോ അത്രയും നിങ്ങൾ എല്ലാവരും ഓർമ്മയുടെ ആഴത്തിലേക്ക് പോയി കൊണ്ടിരിക്കുന്നു. മനസിന് മൗനം തന്നെ, ജ്ഞാന സാഗരത്തിന്റെ അടിയിലേക്ക് പോകണം, പുതിയ പുതിയ അനുഭവങ്ങളുടെ രത്നങ്ങൾ കൊണ്ട് വരണം. ബാപ്ദാദ ആദ്യമേ സൂചന നൽകിയിട്ടുണ്ട്- വർത്തമാനവും ഭാവിയും നിർമ്മിക്കുന്നതാണ് ശ്രേഷ്ഠ സങ്കൽപ്പങ്ങളുടെ ഖജനാവ്. നിങ്ങളുടെ കൈയ്യിലുള്ള സങ്കൽപ്പ ശക്തി ഏറ്റവും വലിയ ശക്തിയാണ്- ശ്രേഷ്ഠ സങ്കൽപ്പ ശക്തി. സങ്കൽപ്പങ്ങൾ എല്ലവരുടെ പക്കലും ഉണ്ട് എന്നാൽ ശ്രഷ്ഠ ശക്തി, ശുഭ ഭാവന ശുഭ കാമനയുടെ സങ്കൽപ്പ ശക്തി, മനസും ബുദ്ധിയും ഏകാഗ്രമാക്കുന്ന ശക്തി - ഇത് നിങ്ങളുടെയടുത്ത് മാത്രമേയുള്ളൂ. എത്രത്തോളം മുന്നോട്ട് പോകുന്നോ അത്രയും ഈ സങ്കൽപ്പ ശക്തി സമ്പാദിച്ച് കൊണ്ട് പോകും, വ്യർത്ഥമാക്കി കളയില്ല, വ്യർത്ഥമാകാനുള്ള മുഖ്യ കാരണം വ്യർത്ഥ സങ്കൽപ്പമാണ്. വ്യർത്ഥ സങ്കൽപ്പം, ബാപ്ദാദ കണ്ടു മുഴുവൻ ദിവസത്തിൽ ഭൂരിഭാഗം കുട്ടികളിലും വ്യർത്ഥം ഇപ്പോഴും ഉണ്ട്. ഏത് പോലെ സ്ഥൂല ധനം എക്കോണമി അനുസരിച്ച് ഉപയോഗിക്കുന്നവർ സദാ സമ്പന്നരായിരിക്കുന്നു വ്യർത്ഥമാക്കി കളയുന്നവർ അവിടവിടെ ചതിക്കപ്പെടുന്നു. ഇതേ പോലെ ശുദ്ധ സങ്കൽപ്പത്തിൽ ഇത്രയും ശക്തിയുണ്ട് അത് നിങ്ങളുടെ പിടിച്ചെടുക്കാനുള്ളശക്തി, വൈബ്രേഷൻ പിടിച്ചെടുക്കാനുള്ള ശക്തി, വളരെ അധികം വർദ്ധിപ്പിക്കുന്നു. ഈ വയർലസ്, ഈ ടെലിഫോൺ.... ഏത് പോലെ ഈ സയൻസിന്റെ സാധനങ്ങൾ കാര്യങ്ങൾ ചെയ്യുന്നുവോ, അതേ പോലെ ഈ ശുദ്ധ സങ്കൽപ്പത്തിന്റെ ഖജനാവ്, ഇതേ പോലെയുള്ള കാര്യങ്ങൾ ചെയ്യുന്നു ലണ്ടനിലുള്ള ഏതെങ്കിലും ആത്മാവിന്റെ വെബ്രേഷൻ വളരെ സ്പഷ്ടമായി പിടിച്ചെടുക്കാൻ സാധിക്കുന്നു, ഏത് പോലെ ഈ വയർലസ് അഥവ ടെലിഫോൺ, ടീ.വി ഇങ്ങനെയുള്ള സാധനങ്ങൾ .... എത്ര സാധനങ്ങൾ പുറത്ത് വന്നിട്ടുണ്ടോ ഇതിനേക്കാൾ സ്പഷ്ടമാണ് നിങ്ങളുടെ പിടിച്ചെടുക്കാനുള്ള ശക്തി, ഏകാഗ്രതയുടെ ശക്തിയിലൂടെ ഇത് വർദ്ധിപ്പിക്കുന്നു. ഈ ആധാരങ്ങളെല്ലാം അവസാനിക്കുക തന്നെ ചെയ്യും. ഈ സാധനങ്ങളെല്ലാം ഏതിന്റെ ആധാരത്തിലുള്ളതാണ്. ലൈറ്റിന്റെ ആധാരത്തിൽ. ഏതെല്ലാം സുഖത്തിന്റെ സാധനങ്ങൾ ഉണ്ടോ അവയിൽ ഭൂരിഭാഗവും ലൈറ്റിന്റെ ആധാരത്തിലാണ്. എങ്കിൽ നിങ്ങളുടെ ആധ്യാത്മിക ശക്തി, ആത്മാവാകുന്ന ലൈറ്റിന് ഈ കാര്യം ചെയ്യുക സാധ്യമല്ലേ! നിങ്ങൾ വിചാരിച്ചാൽ ദൂരെയുള്ളതായാലും, സമീപമുള്ളതായാലും പിടിച്ചെടുക്കാൻ സാധിക്കും. ഇപ്പോൾ എന്താണ്, ഏകാഗ്രതയുടെ ശക്തി മനസ്-ബുദ്ധി രണ്ടും ഏകാഗ്രമാകുമ്പോൾ പിടിച്ചെടുക്കാനുള്ള ശക്തിയുണ്ടാകും. വളരെ അനുഭവം ചെയ്യും. സങ്കൽപ്പം ചെയ്തു - നിസ്വാർഥം, ശുദ്ധം, സ്പഷ്ടം ഇവ വളരെ പെട്ടെന്ന് അനുഭവം ചെയ്യിക്കും. സൈലൻസിന്റെ ശ

ക്തിയ്ക്ക് മുന്നിൽ ഈ സയൻസിന്റെ ശക്തി തല കുനിക്കും.  ഇപ്പോഴും സയൻസിലും എന്തെല്ലാമോ കുറവുണ്ട് എന്ന് മനസിലാക്കുന്നു അവയെല്ലാം നിറക്കേണ്ടതുണ്ട് അതിനാൽ ബാപ്ദാദ വിണ്ടും അടിവരയിട്ട് പറയുന്നു അന്തിമ സ്റ്റേജ്, അന്തിമ സേവനം – ഈ സങ്കൽപ്പ ശക്തി വളരെ വേഗത്തിൽ സേവനം ചെയ്യിക്കും അതിനാൽ സ്ങ്കൽപ്പശക്തിയുടെ മേൽ കൂടുതൽ ശ്രദ്ധ നൽകൂ. സംരക്ഷിക്കൂ, സമ്പാദിക്കൂ. പ്രവർത്തിയിൽ കൂടുതൽ വേണ്ടിവരും. ഈ സങ്കൽപ്പശക്തി കൊണ്ടാണ് പ്രയോഗിയാകുന്നത് .  എന്തു കൊണ്ടാണ് സയൻസിന് മഹത്വം ഉണ്ടാകുന്നത്. പ്രയോഗത്തിലേക്ക് കൊണ്ട് വരുന്നു അപ്പോൾ എല്ലാവരും സയൻസ് നന്നായി ജോലി ചെയ്യുന്നു എന്ന് മനസിലാക്കുന്നു. സയൻസിന്റെ ശക്തി പ്രയോഗിക്കുന്നതിന് വേണ്ടി ഏകാഗ്രതയുടെ ശക്തി വളരെ ആവശ്യമാണ്, ഏകാഗ്രതയുടെ മൂലാധാരമാണ് – മനസിന്റെ നിയന്ത്രണ ശക്തി, അതിലൂടെ മനോബലം വർദ്ധിക്കുന്നു. മനോബലത്തിന് വളരെയധികം മഹിമയുണ്ട്, ആത്മീയതയുടെ പേരിൽ മായാജാലങ്ങൾ കാട്ടുന്നവരും മനോബലത്തിലൂടെ അൽപ്പകാല അത്ഭുതങ്ങൾ കാണിക്കുന്നു. നിങ്ങളാകട്ടെ വിധി പൂർവ്വമാണ്, ആത്മീയ മായാജാലക്കാർ അല്ല, വിധിപൂർവ്വം മംഗളത്തിന്റെ അത്ഭുതങ്ങൾ കാണിക്കുന്നു അവ വരദാനങ്ങളാകുന്നു, ആത്മാക്കൾക്ക് വേണ്ടിയുള്ള ഈ സങ്കൽപ്പശക്തിയുടെ പ്രയോഗം വരദാനമായി ലഭിച്ച് കൊണ്ടിരിക്കും. എങ്കിൽ ആദ്യം ഇത് പരിശോധിക്കൂ മനസിനെ നിയന്ത്രിക്കാനുള്ള ശക്തിയുണ്ടോ. ഏത് പോലെ സയൻസിന്റെ ശക്തി, സ്വിച്ചിന്റെ ആധാരത്തിൽ, സ്വിച്ച് ഓൺ ചെയ്യൂ, സ്വിച്ച് ഓഫ് ചെയ്യൂ – ഇത് പോലെ സെക്കന്റിൽ മനസിനെ എവിടെ ആഗ്രഹിക്കുന്നോ അവിടെ,ഏത് പോലെ, എത്ര സമയം ആഗ്രഹിക്കുന്നോ, അത്രയും സമയം നിയന്ത്രിക്കാൻ സാധിക്കുന്നുണ്ടോ. വളരെ നല്ലവർ സ്വയത്തേ പ്രതിയും, സേവനത്തേ പ്രതിയും സിദ്ധിരൂപം കാണിക്കുന്നു. എന്നാൽ ബാപ്ദാദ കാണുന്നുണ്ട് സങ്കൽപ്പശക്തിയുടെ സമ്പാദ്യത്തിന്റെ അക്കൗണ്ടിൽ ഇപ്പോഴും സാധാരണ ശ്രദ്ധയാണ്. എത്രയാണോ വേണ്ടത് അത്രയും ഇല്ല. സങ്കൽപ്പത്തിന്റെ ആധാരത്തിൽ വാക്കും കർമ്മവും സാധാരണമായി നടക്കുന്നു. വേറെ വേറെ പ്രയത്നിക്കേണ്ട ആവശ്യമേയില്ല, ഇന്ന് സംസാരം നിയന്ത്രിക്കുക, ഇന്ന് ദൃഷ്ടിയിൽ ശ്രദ്ധിക്കുക, പരിശ്രമിക്കൂ, ഇന്ന് മനോവിചാരങ്ങളെ ശ്രദ്ധയിലൂടെ മാറ്റൂ.  സങ്കൽപ്പശക്തി ശക്തിശാലിയാണെങ്കിൽ ഇവയെല്ലാം സ്വതവേ തന്നെ നിയന്ത്രണത്തിൽ വരും. പരിശ്രമത്തിൽ നിന്ന് മുക്തരാകാം. അതിനാൽ സങ്കൽപ്പശക്തിയുടെ മഹത്വം മനസിലാക്കൂ.

ഈ ഭട്ഠികളെല്ലാം വിശേഷിച്ചും ചെയ്യിക്കുന്നത് ശീലമാകുന്നതിന് വേണ്ടിയാണ്. ഇവിടത്തെ ശീലം ഭാവിയിലും ശ്രദ്ധ നൽകി കൊണ്ടിരിക്കും, അതിനാൽ അവിനാശിയാകുന്നു. മനസിലായോ മഹത്വം എന്താണെന്ന്. നിങ്ങളുടെ കൈയ്യിൽ വലിയ ഉയർന്നതിലും ഉയർന്ന ഖജനാവ് ബാബ നൽകിയിട്ടുണ്ട്. ഈ ശ്രേഷ്ഠ സങ്കൽപ്പം, ശുഭ ഭാവന, ശുഭ കാമന ഇവയുടെ സങ്കൽപ്പത്തിന്റെ ഖജനാവുണ്ടോ. ബാബ് ദാദ എല്ലാവർക്കും നൽകിയിട്ടുണ്ട് എന്നാൽ സമ്പാദിക്കുന്നത് നമ്പർക്രമത്തിലാണ് പ്രയോഗത്തിൽ കൊണ്ട് വരുന്നതിന്റെ ശക്തിയും നമ്പർ ക്രമത്തിലാണ്. ഇപ്പോഴും ശുഭ ഭാവന അഥവ ശുഭ കാമന ഇവയുടെ പ്രയോഗം ചെയ്യുന്നുണ്ടോ. വിധി പൂർവ്വം ചെയ്യുന്നതിലൂടെ സിദ്ധിയുടെ അനുഭവം ഉണ്ടാകുന്നു. ഇപ്പോൾ അൽപ്പം–അൽപ്പം ഉണ്ടാകുന്നു. അവസാനം സങ്കൽപ്പശക്തി ഇത്രയും മഹാനതയുള്ളതായി തീരും – സേവനത്തിൽ മുഖത്തിലൂടെ സന്ദേശം നൽകുന്ന സമയത്ത് സമയമെടുക്കുന്നു, സമ്പത്തും പോകുന്നു, ഇളക്കങ്ങളിൽ വരുന്നു, ക്ഷീണിക്കുന്നു..... എന്നാൽ ശ്രേഷ്ഠ സങ്കൽപ്പത്തിന്റെ സേവനത്തിൽ ഇവയെല്ലാം ലാഭിക്കുന്നു. വർദ്ധിപ്പിക്കൂ. ഈ സങ്കൽപ്പശക്തി വർദ്ധിപ്പിക്കുന്നതിലൂടെ പ്രത്യക്ഷതയും വളരെ വേഗം ഉണ്ടാകുന്നു. ഇപ്പോൾ 62–63 വർഷമായി, ഈ സമയം കൊണ്ട് എത്ര ആത്മാക്കളുണ്ടായി. 9 ലക്ഷം പോലും പൂർത്തിയായില്ല. വിശ്വം മുഴുവൻ സന്ദേശം നൽകിയെങ്കിൽ എത്ര കോടി ആത്മാക്കളുണ്ട്. ഇത് വരേയും ഭഗവാൻ ഇവരുടെ ടീച്ചറാണ്, ഭഗവാനാണ് ഇവരേ നടത്തിക്കുന്നത്, ചെയ്യിപ്പിക്കുന്നവനായ പരമാത്മാവ് ചെയ്യിപ്പിച്ച് കൊണ്ടിരിക്കുന്നു.... ഇത് സ്പഷ്ടമായിട്ടില്ല. നല്ല കാര്യമാണ് ശ്രേഷ്ഠകാര്യമാണ് ഈ ശബ്ദമെല്ലാം വരുന്നുണ്ട് എന്നാൽ ചെയ്യിപ്പിക്കുന്നവൻ ഇപ്പോഴും ഗുപ്തമാണ്. സങ്കൽപ്പശക്തിയിലൂടെ ഓരോരുത്തരുടെ ബുദ്ധിയും പരിവർത്തനപ്പെടുത്താൻ സാധിക്കും. അല്ലയോ പ്രഭൂ എന്ന് പറയുന്നതിലൂടെയായിരിക്കും അവർക്ക് ഭഗവാന്റെ പ്രത്യക്ഷത ഉണ്ടാകുന്നത്, അല്ലെങ്കിൽ അച്ഛന്റെ രൂപത്തിലൂടെയും പ്രത്യക്ഷമാകാം. അതിനാൽ ഇപ്പോൾ ബാപ്ദാദ വീണ്ടും ശ്രദ്ധ നൽകുന്നു സങ്കൽപ്പശക്തി വർദ്ധിപ്പിക്കുകയും പ്രയോഗത്തിൽ കൊണ്ട് വരികയും ചെയ്യൂ. മനസ്സിലായോ.

മനസ് ഒരു സെക്കന്റിൽ ഏകാഗ്രമാകണം എന്ന അഭ്യാസം ബാപ്ദാദ കേൾപ്പിച്ചു, കാരണം സമസ്യ പെട്ടന്ന് വരുന്നു, അ സമയം മനോബലം ഉണ്ടെങ്കിൽ സമസ്യ സമാപ്തമാകുന്നു, എന്നാൽ സമസ്യ ഒരു പഠിപ്പ് പഠിപ്പിക്കുന്നതായി മാറുന്നു അതിനാൽ ഇപ്പോൾ തന്നെ എല്ലാവരും മനസിനേയും ബുദ്ധിയേയും ഏകാഗ്രമാക്കൂ. നോക്കൂ ആകുന്നുണ്ടോ. (ഡ്രിൽ) ഇത് പോലെ ദിവസം മുഴുവൻ അഭ്യാസം ചെയ്ത് കൊണ്ടിരിക്കൂ.  ശരി.

നാനാ ഭാഗത്തുമുള്ള ശ്രേഷ്ഠ ആത്മാക്കൾക്ക്, ആദി മദ്ധ്യ അന്ത്യം വരെ ശ്രേഷ്ഠ പാർട്ടഭിനയിക്കുന്ന ആത്മാക്കൾക്ക്, സദാ തന്റെ ശ്രേഷ്ഠ സങ്കൽപ്പത്തിന്റെ വിധി അനുഭവം ചെയ്യുന്നവർക്ക്, സദാ സഹജ യോഗിയോടൊപ്പം പ്രയോഗിയും ആകുന്നവർക്ക്, സദാ സങ്കൽപ്പശക്തിയിലൂടെ സർവശക്തികളേയും വർദ്ധിപ്പിക്കുന്നവർക്ക്, മനസിലും ബുദ്ധിയിലും നിയന്ത്രണം വെയ്ക്കുന്നവർക്ക്, സദാ പ്രയോഗികളായ കുട്ടികൾക്ക് ബാപ്ദാദയുടെ സ്നേഹസ്മരണയും, നമസ്തേയും.

ദേശ വിദേശങ്ങളിലുള്ള കുട്ടികളെ ബാപ്ദാദ കണ്ട് കൊണ്ടിരിക്കുന്നു. ആരാണോ സങ്കൽപ്പത്തിലൂടെ സ്നേഹസ്മരണയും, ആത്മീയ സംഭാഷണവും നടത്തുന്നത് അവർ ബാപ്ദാദയുടെ അടുത്ത് എത്തി ചേരുന്നു. ഇപ്പോഴും ആരാണോ സയൻസിന്റെ ബലത്തിലൂടെ കേണ്ട് കൊണ്ടിരിക്കുന്നത്, അങ്ങിനെയുള്ള എല്ലാ കുട്ടികൾക്കും, ഓരോ ദേശത്തേയും ഓരോരോ കുട്ടികൾക്കും സ്നേഹസ്മരണ. ജാനകീ കുട്ടിക്ക് ബാപ്ദാദ വിശേഷ സ്നേഹസ്മരണ നൽകുന്നു കാരണം മനസ് കൊണ്ട് ഇവിടെയാണ്, ശരീരം കൊണ്ട് അവിടെയാണ്. എല്ലാവർക്കും, ഓരോരുത്തർക്കും വിശേഷ സ്നേഹസ്മരണ. ശരി, യോഗ ഭട്ഠിയുടെ പ്രോഗ്രാമുകൾ വളരെ നന്നായി നടക്കുന്നുണ്ട്.

(ദാദിമാരോട്) സദാ സ്വയം ബാപ്ദാദയുടെ നയനങ്ങളിലെ രത്നങ്ങൾ എന്ന് മനസിലാക്കുന്നില്ലേ. സദാ നയനങ്ങളിൽ ഇരിക്കുന്നു, നയനങ്ങൾക്കുള്ളിൽ ഇരിക്കുന്നതിനാൽ സദാ ദൃഷ്ടിയിൽ തന്നെ ഇരിക്കുന്നു. ഇതും ബാബയും കുട്ടികളും തമ്മിലുള്ള സംഗമയുഗത്തിലെ രീതികളാണ്. മിലനം, കേൾക്കുക, കഴിക്കുക കുടിക്കുക ഇവ സംഗമത്തിലെ രീതികളാണ്. ഇങ്ങനെയുള്ള രീതികളെല്ലാം ആഘോഷിച്ചാഘോഷിച്ച് തന്റെ വീട്ടിലേക്ക് പോകും. പിന്നീട് രാജ്യത്തിൽ വരും. ബ്രഹ്മാബാബയോടൊപ്പം രാജ്യം ഭരിക്കുക. നല്ലതാണ്. ലോകത്തുള്ളവർ ആലോചിച്ച് കൊണ്ടിരിക്കും നിങ്ങൾ സദാ ആഘോഷിച്ചു കൊണ്ടിരിക്കും. എന്ത് സംഭവിക്കും, എങ്ങിനെയുണ്ടാകും ഇങ്ങിനെയുള്ള യാതൊരു ചിന്തയും ഇല്ല. ഏതൊരു പ്രകാരത്തിലുള്ള ചിന്തയും ഇല്ല. ശരി.

## വരദാനം – ഈ അന്തിമ ജന്മത്തിൽ ലഭിച്ചിട്ടുള്ള സർവ ശക്തികളേയും ഉപയോഗിക്കുന്നവരായ ഇച്ഛാശക്തി സമ്പന്നരായി ഭവിക്കട്ടെ.

ഈ രസകരമായ നാടകം വളരെ നന്നായി ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമാണ്, ഇത് ആർക്കും മാറ്റുക സാധ്യമല്ല. എന്നാൽ നാടകത്തിൽ ഈ ശ്രേഷ്ഠ ബ്രാഹ്മണ ജന്മത്തിന് വളരെ ശക്തികൾ ലഭിച്ചിട്ടുണ്ട്. ബാബ വിൽ ചെയ്തിട്ടുണ്ട് അതിനാൽ വിൽപവർ ഉണ്ട്. ഈ പവർ ഉപയോഗിക്കൂ – എപ്പോൾ ആഗ്രഹിക്കുന്നോ ഈ ശരീരത്തിന്റെ ബന്ധനങ്ങളിൽ നിന്ന് വേറിട്ട് കർമ്മാതീത സ്ഥിതിയിൽ സ്ഥിതി ചെയ്യൂ. വേറിട്ടതാണ്, അധികാരിയാണ്, ബാബയിലൂടെ നിമിത്തമായ ആത്മാവാണ് – ഈ സ്മൃതിയിലൂടെ മനസിനേയും ബുദ്ധിയേയും ഏകാഗ്രമാക്കൂ അപ്പോൾ പറയാം ഇച്ഛാ ശക്തി സമ്പന്നർ.

## സ്ലോഗൻ – ഹൃദയം ( മനസ്) കൊണ്ട് സേവനം ചെയ്യൂ അപ്പോൾ ആശീർവാദങ്ങളുടെ വാതിൽ തുറക്കപ്പെടും.

**സൂചന** – ഇന്ന് മാസത്തിലെ മൂന്നാമത്തെ ഞായറാഴ്ച അന്താരാഷ്ട്ര യോഗ ദിവസമാണ്, എല്ലാ ബ്രഹ്മാവത്സരരും സംഘടിത രൂപത്തിൽ വൈകുന്നേരം 6.30 മുതൽ 7.30 വരെ വിശേഷിച്ചും തന്റെ പൂർവജ സ്വരൂപത്തിൽ സ്ഥിതി ചെയ്യൂ, മുഴുവൻ വൃക്ഷത്തിനും ശക്തികളുടെ ദാനം ചെയ്യൂ. ഓരോ ആത്മാവിനേയും തന്റെ സന്മുഖത്ത് പ്രത്യക്ഷമാക്കി സ്നേഹം നിറഞ്ഞ ദൃഷ്ടി നൽകൂ, തന്റേതെന്ന അനുഭൂതി ചെയ്യിക്കൂ.